DESPATCHED
On. 06/12/.21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 227(2)/2021**/എസ്.ഐ.സി
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **4825**/എസ്.ഐ.സി-ജി 6/21)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.വിജയൻ പി.,
'വിജയ് ', നീയർ മുൻസിഫ് കോർട്ട്,
പി.ഒ. തളിപ്പറമ്പ്, കണ്ണൂർ ജില്ല,
പിൻ - 670 141.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സബ് രജിസ്ട്രാർ,
തളിപ്പറമ്പ സബ് രജിസ്ട്രാറുടെ കാര്യാലയം,
പി.ഒ. തളിപ്പറമ്പ, പിൻ - 670 141.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി<br>6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.02.2021<br>10.03.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.04.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.04.2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. വിജയൻ പി., 10.04.2021ന് സമർപ്പിച്ച പരാതി ഹർജി 12.04.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.227(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാനിൽ നിന്നും എതിർകക്ഷി അന്യായമായി ഈടാക്കിയ തിരച്ചിൽ ഫീസ് തിരിച്ച് നൽകാൻ നടപടി ഉണ്ടാകണമെന്നാണ്.

3. പരാതി ഹർജിക്കാരൻ 23.02.2021ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

തളിപ്പറമ്പ് അംശം കീഴാറൂർ ദേശം റി.സർവ്വെ നം.52/7-ൽ സ്ഥിതി ചെയ്യുന്ന 1973ലെ 3318-ാം നമ്പർ ഭാഗക്കരാറിലെ ~~ക്ക്~~ 'H' എന്ന പട്ടിക വസ്തുവിന്റെ (പോള ലക്ഷ്മിയ്ക്ക് ലഭിച്ച 8 സെന്റ് ഭൂമിയുടെ) ഉടമകൾ 01.01.1991 മുതൽ 31.12.2020വരെയുള്ള കാലയളവിൽ ആരൊക്കെയായിരുന്നുവെന്നും ഉടമകളുടെ മേൽവിലാസവും ആധാരത്തിന്റെ രജിസ്ട്രേഷൻ നമ്പർ സഹിതം നൽകണമെന്നാണ്.

ആയതിന് 10.03.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ച വിവരങ്ങളല്ലെന്നും അപേക്ഷയിൽ പരാമർശിച്ച കാലയളവിൽ തെരച്ചിൽ നടത്തി ക്രോഡീകരിച്ച് തയ്യാറാക്കേണ്ടവയാണെന്നുമാണ് അറിയിച്ചതെന്നും ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭിക്കുക എന്നതാണ് വിവരാവകാശ നിയമം പ്രകാരം ലഭിക്കുന്ന അവകാശമെന്നും വിവരങ്ങൾ ക്രോഡീകരിച്ച് നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ലെന്നുമാണ്. കൂടാതെ ഹർജിക്കാരന്റെ അപേക്ഷയിൽ സൂചിപ്പിച്ച ആധാരപ്രകാരമുള്ള വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിന് മതിയായ ഫീസ് ഒടുക്കി ടി വസ്തുവിന്റെ ബാധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുകയോ അല്ലെങ്കിൽ 1991 മുതൽ 2020 വരെയുള്ള കാലയളവിലെ തിരച്ചിൽ നടത്തുന്നതിനാവശ്യമായ തിരച്ചിൽ ഫീസ് 265/- രൂപ ടി ഓഫീസിൽ ഒടുക്കേണ്ടതാണെന്നുമാണ് അറിയിച്ചത്.

4. 05.07.2021ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ സൂചിപ്പിച്ചതു പ്രകാരം 23.03.2021ൽ 265/- രൂപ ഫീസ് ഒടുക്കുകയും ആവശ്യമായ വിവരങ്ങൾ കണ്ടുപിടിക്കുന്നതിന് ബാധ്യതാ സർട്ടിഫിക്കറ്റ് (നമ്പർ 2368/21 തീയതി 31.03.2021) തയ്യാറാക്കി അതിൽ നിന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തി ലഭ്യമായ വിവരങ്ങൾ നൽകിയെന്നുമാണ്.

വിവരാവകാശ നിയമം 2(എഫ്)2(ജെ) എന്നിവയിൽ നിർവ്വചിക്കുന്ന പ്രകാരം ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭിക്കുക എന്നതാണ് വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അവകാശമെന്നും വിവരങ്ങൾ ക്രോഡീകരിച്ചു നൽകുന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യമ

ല്ലെന്നും വിവരം എപ്രകാരമാണ് സൂക്ഷിക്കപ്പെട്ടിട്ടുള്ളത് അപ്രകാരം മാത്രമേ ലഭ്യമാക്കാനാകൂവെന്നുമാണ്.

ഹർജിക്കാരന് നൽകിയ മറുപടി ഒരു പേജിലാണെങ്കിലും ആയത് 1991 മുതൽ 2020 വരെയുള്ള ആധാരങ്ങളിൽ നിന്നും (കമ്പ്യൂട്ടർവൽക്കരിച്ചതാണെങ്കിൽ പോലും) തിരച്ചിൽ നടത്തി ഹർജിക്കാരൻ ആവശ്യപ്പെട്ട വസ്തുവുമായി ബന്ധപ്പെട്ടതു മാത്രം കണ്ടെത്തി ബന്ധപ്പെട്ട രജിസ്റ്റർ വാല്യങ്ങളും പരിശോധിച്ച് വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് നൽകേണ്ടതാണെന്നും ഇപ്രകാരം ഹർജിക്കാരന്റെ അപേക്ഷ ബാധ്യതാ സർട്ടിഫിക്കറ്റിനായുള്ള തിരഞ്ഞു നോക്കൽ വിഭാഗത്തിൽ വരുന്നതാണെന്നും " The encumbrance certificate is not an "Information" already in possession of or held by Registration Department. Hence the appellant has no right to obtain the encumbrance certificate as an information under the Right to Information Act 2005. The appellant may apply in the manner prescribed under the Registration manual of orders" എന്ന് വിവരാവകാശ കമ്മീഷൻ 31.07.2006ലെ 1340/SIC/Gen/06 നമ്പർ വിധിയിലൂടെ വ്യക്തമാക്കിയിട്ടുണ്ടെന്നുമാണ്.

കേരള വിവരാവകാശ (ഫീസും ചെലവും ക്രമീകരണം) ചട്ടം 4(1) പ്രകാരം ഏതെങ്കിലും സേവനത്തിന് പ്രത്യേകം ഫീസ് നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത ഫീസ് ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ബഹു.കേരള ഹൈക്കോടതിയുടെ W.P(C)18118/2017 നമ്പർ കേസിന്റെ വിധി ന്യായത്തിൽ മറ്റു നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള കൂടുതൽ ഫീസ് വിവരാവകാശ അപേക്ഷകരിൽ നിന്നും ഈടാക്കാവുന്നതാണെന്ന് പ്രസ്താവിച്ചിട്ടുണ്ടെന്നുമാണ്.

ഇപ്രകാരം ഹർജിക്കാരനിൽ നിന്നും രജിസ്ട്രേഷൻ ഫീസ് പട്ടിക XI(2) പ്രകാരമുള്ള ഫീസ് 265/- രൂപ ഈടാക്കിയത് നിയമപ്രകാരം തന്നെയാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നുവെന്നും വിവരാവകാശ നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടാണ് പ്രവർത്തിച്ചിട്ടുള്ളത് എന്നും ഹർജിക്കാരന് നൽകിയ മറുപടിയിൽ എസ്.പി.ഐ.ഒ. യുടെ പേര് ചേർക്കാതിരുന്നത് ബോധപൂർവ്വമല്ലെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതെ ശ്രദ്ധിച്ചുകൊള്ളാമെന്നുമാണ് അറിയിച്ചത്.

5. 23.10.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന്

എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ തിരച്ചിൽ ഫീസ് എന്ന പേരിൽ അന്യായമായി 265/- രൂപ ഈടാക്കിയെന്നും ആയത് തിരികെ നൽകണമെന്നു മാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ബഹു.സുപ്രീം കോടതിയുടെ റിട്ട് പെറ്റിഷൻ (സിവിൽ) നമ്പർ 194/2012 ലെ 20.03.2018ലെ വിധിയിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ സാധാരണയായി 50/- രൂപയിൽ കൂടുതൽ ഫീസ് ഈടാക്കരുതെന്നും വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്കു പേജൊന്നിന് 5/- രൂപയിൽ കൂടുതൽ ഈടാക്കരുതെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഹർജിക്കാരനു തിരച്ചിൽ ഫീസ് തിരികെ നൽകണമെന്നും, എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ പേര്, സ്ഥാനപ്പേര് എന്നിവ രേഖപ്പെടുത്താത്തതിനാൽ എതിർകക്ഷിയെ ശക്തമായി താക്കീതു ചെയ്തുകൊണ്ടും ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 25-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
THIRUVANANTHAPURAM